പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3735 — 19.02.2013-ൽ മറുപടിയ്ക്ക്.

## വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പട്ടിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കി വിജ്ഞാപനം ചെയ്യണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ വിജ്ഞാപനം ചെയ്യണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്രമന്ത്രാലയം എന്തെങ്കിലും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) **ഉണ്ട്.** 2011 ഫെബ്രുവരി മാസം ഇറക്കിയിട്ടുള്ള, പരാമർശ വിഷയത്തിലുള്ള മാർഗ്ഗ രേഖയിൽ പാരിസ്ഥിതിക സംവേദക മേഖലകൾ സൃഷ്ടിക്കപ്പെടേണ്ട പശ്ചാത്തലവും, സാഹചര്യങ്ങളും, പ്രസ്തുത മേഖലകൾ സൃഷ്ടിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങളും വിശദീകരിച്ചിട്ടുണ്ട്. ഓരോ വന്യമൃഗസങ്കേതങ്ങൾക്കു ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ നിർണ്ണയിക്കുന്നതു സംബന്ധിച്ച് അഭിപ്രായം സ്വരൂപിച്ച് ശുപാർശ നൽകുവാൻ, അതാതു പ്രദേശത്തെ വൈൽഡ് ലൈഫ് വാർഡൻ ഉൾപ്പെടെയുള്ള 4(നാല്) അംഗങ്ങളുള്ള കമ്മിറ്റിയെ നിയോഗിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഈ കമ്മിറ്റി വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾക്കു ചുറ്റുമുള്ള പ്രദേശങ്ങളിലെ ജൈവ വൈവിദ്ധ്യവും, പാരിസ്ഥിതിക പ്രാധാന്യവും കണക്കിലെടുത്ത് ആ പ്രദേശങ്ങളിൽ നിരോധിക്കേണ്ടതും, നിയന്ത്രിക്കേണ്ടതും, പ്രോത്സാഹിപ്പിക്കേണ്ടതുമായ പ്രവർത്തനങ്ങൾ നിശ്ചയിച്ച് ശുപാർശ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. |

(സി) ജനവാസ കേന്ദ്രങ്ങൾ, കാർഷിക-വ്യവസായ കേന്ദ്രങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവയുള്ള പ്രദേശങ്ങൾ പ്രസ്തുത രൂപരേഖയിൽ ഉൾപ്പെട്ടാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) വിലയിരുത്തിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് സർക്കാർ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) തയ്യാറാക്കി വരുന്നു.

(ഇ) ഇതിനോട് സർക്കാരിന്റെ നയപരമായ സമീപനം എന്താണ്; വ്യക്തമാക്കാമോ ?

(ഇ) പൊതുജന നന്മയ്ക്കായി പാരിസ്ഥിതിക സംരക്ഷണം ഉറപ്പ് വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നയപരമായ സമീപനം.

സെക്ഷൻ ഓഫീസർ.